**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.691** **29.10.2019-ൽ മറുപടിക്ക്**

**കറ്റിക്കോൽ 110 KV സബ് സ്റ്റേഷൻ നിർമ്മാണം**

| | ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ | | മറുപടി<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ 110 KV സബ് സ്റ്റേഷൻ നിർമ്മാണത്തിന് ബേഡഡുക്ക വില്ലേജിലെ വലിയപാറയിൽ 3 ഏക്കർ റവന്യൂ ഭൂമി കെ.എസ്.ഇ.ബി. യ്ക്ക് പാട്ടവ്യവസ്ഥയിൽ നൽകി ഉത്തരവായിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ 110 KV സബ് സ്റ്റേഷൻ നിർമ്മാണത്തിന് ബേഡഡുക്ക വില്ലേജിലെ വലിയപാറയിൽ 3 ഏക്കർ റവന്യൂ ഭൂമി പാട്ട വ്യവസ്ഥയിൽ കെ.എസ്.ഇ.ബി. യ്ക്ക് അനുവദിച്ച് ഉത്തരവായിട്ടുണ്ട്.<br><br>മേൽപ്പറഞ്ഞ 3 ഏക്കർ റവന്യൂ ഭൂമി 110 KV സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി കമ്പോളവിലയുടെ (കമ്പോളവിലയായി കണക്കാക്കിയിട്ടുള്ളത് 25,76,400/- രൂപ) 2% പാട്ട നിരക്കിൽ ഓരോവർഷം കഴിയുംതോറും പാട്ടത്തുക പുതുക്കി നിശ്ചയിക്കണമെന്ന വ്യവസ്ഥയിൽ 30 വർഷത്തേയ്ക്ക് കെ.എസ്.ഇ.ബി.യ്ക്ക് പാട്ടത്തിന് അനുവദിച്ച് ഉത്തര വായിട്ടുണ്ട്. |
| (ബി) | ഭൂമി ലഭ്യമായതിന്റെ അടിസ്ഥാന ത്തിൽ പ്രസ്തുത സബ് സ്റ്റേഷന്റെ നിർമ്മാണ പ്രവൃത്തി എപ്പോൾ ആരംഭിക്കാനാവുമെന്ന് വിശദമാക്കാമോ? | (ബി) | നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ